**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4091** **28-06-2024 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ആരംഭിക്കാനുദ്ദേശിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയകൾക്കു മാത്രമായ ആശുപത്രി പൂർണ്ണസജ്ജമായി എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | **കോഴിക്കോട് ആസ്ഥാനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നതിനും ഇതിനുള്ള സ്പെഷ്യൽ ഓഫീസർ ആയി പുതുച്ചേരി ജിപ്മർ എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ഡോ. ബിജു പൊറ്റക്കാട്ടിനെ നിയമിക്കുവാനും തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി HITES (HLL ഇൻഫ്രാടെക് സർവീസസ് ലിമിറ്റഡ്) എന്ന സ്ഥാപനത്തെ നിശ്ചയിച്ചിട്ടുണ്ട്. പ്രാഥമിക പ്രൊജക്റ്റ് പ്രൊപ്പോസൽ, മാസ്റ്റർ പ്ലാൻ എന്നിവ പൂർത്തിയായിട്ടുണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതു വരെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ അവയവമാറ്റ ശസ്ത്രക്രിയാ ആശുപത്രിയുടെ പ്രവർത്തനത്തിന് താത്കാലിക സംവിധാനം ഒരുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബ്ലോക്കിൽ രണ്ട് ഓപ്പറേഷൻ തീയേറ്റർ, 20 ബെഡ് ഉള്ള ഐ.സി.യു, 15 ബെഡ് വീതമുള്ള പുരുഷ വനിതാ വാർഡുകൾ, അഞ്ച് ഫാക്കൽറ്റി റൂമുകൾ, ഓഫീസ് സംവിധാനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 2 ഒ.പി റൂമുകൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.** |

സെക്ഷൻ ഓഫീസർ